(ബി) ഇതിനാവശ്യമായ ഗ്രൗണ്ട് സൗകര്യം ഇവിടെ ലഭ്യമായിട്ടുള്ളതിനാൽ ഈ വർഷംതന്നെ സ്റ്റേഡിയം അനുവദിക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി

250 (2970) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ നിലവിലെ അവസ്ഥയും പദ്ധതി നിർവ്വഹണം എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിലമ്പൂർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എസ്.പി.വി. ആയ കിറ്റ്കോ മുഖേനയാണ് നടപ്പിലാക്കുന്നത്. നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നാച്ചറൽ ഫുട്ബോൾ ടർഫും പവലിയൻ കെട്ടിടവുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിക്കാനുള്ളത്. കൂടാതെ സ്പോർട്സ് ഫ്ളോറിംഗിൽ ഉൾപ്പെട്ട 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ; സിന്തറ്റിക് ട്രാക്ക് നിർമ്മാണ കരാർ കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ?

400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണ കരാർ 5-11-2020-ന് നൽകിയിരുന്നു. 4 മാസമാണ് കരാർ കാലാവധി. എന്നാൽ ഫുട്ബോൾ ടർഫിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകിയതിനാലും കോവിഡ്-19-ന്റെ വ്യാപനം മൂലമുണ്ടായ ലോക്ഡൗൺ കാരണവും ട്രാക്കിന്റെ നിർമ്മാണം ആരംഭിക്കുവാൻ വൈകിയിരുന്നു. നിലവിൽ ട്രാക്കിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. 2021 ഡിസംബറിൽ സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) പദ്ധതിയുടെ ഭാഗമായ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം എന്നിവ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന സ്ഥലത്തെ ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കുവാൻ വൈകിയതിനാലും നിർദ്ദിഷ്ട സ്ഥലത്തുണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി വൈകിയതിനാലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. തടസ്സരഹിതമായ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. എന്നാൽ നിലവിൽ നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ വിലയിൽവന്ന വ്യതിയാനംമൂലം ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന് എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ഡി) സ്റ്റേഡിയത്തിന്റെ പാർശ്വസംരക്ഷണം ചില ഭാഗങ്ങളിൽ മാത്രമേ ചെയ്തിട്ടുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മഴക്കാലത്ത് പാർശ്വസംരക്ഷണ ഭിത്തി കെട്ടിയിട്ടില്ലാത്ത ഭാഗത്ത് മണ്ണിടിച്ചിലുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ശേഷിക്കുന്ന ഭാഗത്തുകൂടി സംരക്ഷണ ഭിത്തി കെട്ടുന്നതിന് കിഫ്ബിയിൽനിന്നും അധിക തുക വകയിരുത്താനാകുമോ എന്നറിയിക്കാമോ?

ഉണ്ട്. നിലവിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന അളവിൽ പാർശ്വ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ടെന്നുള്ള വിവരം എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബി മാനദണ്ഡപ്രകാരം പദ്ധതിയിലെ സേവിംഗ്സ് തുക ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കാൻ കിഫ്ബിയിൽനിന്ന് പ്രത്യേക അനുമതി നേടേണ്ടതുണ്ട്.

ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം

251 (2971) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സിന്തറ്റിക് ട്രാക്കിലേയ്ക്ക് മാറ്റി പുനരുദ്ധരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സിന്തറ്റിക് ട്രാക്കിലേയ്ക്ക് മാറ്റി പുനരുദ്ധരിക്കുന്നതുസംബന്ധിച്ച് നിലവിൽ പദ്ധതികളൊന്നുമില്ല. പുനരുദ്ധാരണം സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.